9-ാം വർഷം
2026
ഏപ്രിൽ 26, ഞായർ
ഉയിർപ്പ് നാലാം ഞായർ



Laity Reflect on
Syro-Malabar Sunday Mass
SCRIPTURE READINGS



ഒപ്പമുണ്ട് എപ്പോഴും

മത്താ. 28: 16-20

കെട്ടുകഥകൾ ശാസ്ത്ര സത്യങ്ങളാക്കാൻ കിണഞ്ഞു ശ്രമിക്കുന്ന ഇക്കാലത്ത്, ഉത്ഥാനമെന്ന സത്യം കെട്ടുകഥയാക്കാൻ ശ്രമിച്ച ഒരു സംഭവത്തിന്റെ തുടർച്ചയാണ് നാം ധ്യാനിക്കുന്നത്. റബ്ബിമാരുടെ ചുറ്റുമിരുന്ന് ശ്രദ്ധാപൂർവ്വം കേട്ടു പഠിക്കാനും ജ്ഞാനമാർജ്ജിക്കാനും ജനം കൊതിച്ചിരുന്ന ഒരു കാലത്ത്, മലയടിവാരത്തും തീരങ്ങളിലും വയലിലും പണിശാലകളിലും തെരുവുകളിലും വരെ മനുഷ്യരുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്ന് അവരുടെ ഭാഷയിൽ ലളിതമായി പഠിപ്പിച്ച യേശു സദാ മനുഷ്യർക്ക് സമീപസ്ഥനായിരുന്നു. ഇവിടെ ഗലീലിയിലെ മലയിൽ തന്റെ ശിഷ്യരെ വിളിച്ചുകൂട്ടുന്ന ഈശോ താൻ യുഗാന്തം വരെ അവർക്കൊപ്പം ഉണ്ടാകുമെന്ന് ഉറപ്പ് നൽകുന്നു.

പരിശുദ്ധ ലിയോ പതിനാലാമൻ പാപ്പ നാല് ആഫ്രിക്കൻ രാജ്യങ്ങളിലേക്കുള്ള തന്റെ അപ്പസ്തോലിക യാത്ര നാലാം പാദത്തിൽ തുടരുന്നു.

അധീശത്വം സ്ഥാപിക്കാനും ശക്തരെ വരുതിയിലാക്കാനും അടക്കിഭരിക്കാനും ലോകത്തിന്റെ ഭരണാധികാരികൾ തത്രപ്പെടുമ്പോൾ, മറുവശത്ത് സമാധാന രാജാവായ ക്രിസ്തുവിന്റെ അജപാലകൻ സകലരുടെയും അന്തസ്സിനെ മാനിക്കാനും മറ്റുള്ളവരുടെ വേദനയിൽ സഹാനുഭൂതി പുലർത്താനും ആഹ്വാനം ചെയ്യുകയാണ്. കണ്ണും കാതും കൂർപ്പിച്ച് എന്തിലും ഏതിലും ന്യൂനതകൾ കണ്ടെത്തി വിമർശിക്കാൻ ശ്രമിക്കുമ്പോഴും ഉത്ഥിതനായ ക്രിസ്തു ആഹ്വാനം ചെയ്ത മഹാദൗത്യം തുടരുക തന്നെയാണ്. നിസ്സഹായത, വേദന, സങ്കീർണ്ണതകൾ, വിവിധ ആവലാതി- വേവലാതികൾ... ഇവയൊക്കെ അനുഭവിച്ചുകൊണ്ട് മനുഷ്യവംശം ജീവിത യാത്ര തുടരുമ്പോൾ പരിശുദ്ധ പാപ്പാ ക്രിസ്തുവിന്റെ സമാധാനം കൂടുതൽ ഉദാരതയോടെ നേരുകയും



ഷാജു അച്ചിനിമാടൻ

യുദ്ധക്കൊതിയന്മാരെ ശക്തമായി അപലപിക്കുകയും ചെയ്തു. അപ്പസ്തോലിക യാത്രയുടെ ആഗോള സ്വീകാര്യത, ദരിദ്രരെയും പീഡിതരെയും നിരാലംബരെയും, ചെറിയവരെ സകലരെയും സ്നേഹിക്കുന്ന ക്രിസ്തുമനോഭാവം ഇന്നും സഭയുടെ മുൻഗണനയാണെന്ന് വ്യക്തമാക്കുന്നു.

സാന്നിദ്ധ്യം അമൂല്യസമ്മാനം:

ഗുരു നിത്യയോടൊപ്പം ഒരു കുടുംബം സന്ദർശിച്ച ഷൗക്കത്തിന്റെ ഒരു വിവരണം പ്രസക്തമാണ്. അപ്രതീക്ഷിതമായ സന്ദർശനം. കുടുംബ നാഥൻ അതിവിശാല സ്വീകരണ മുറിയിലേക്ക് ക്ഷണിച്ചെങ്കിലും, അമ്മ കിടക്കുന്ന മുറി അന്വേഷിച്ച ഗുരുവിനെ, അല്പസമയത്തെ ഒരുക്കത്തിന് ശേഷം അവിടേക്ക് ആനയിച്ചു. നല്ല പ്രായമുള്ള അമ്മ, കുറച്ചു നാളായി കിടപ്പിലാണ്. ഗുരുവിനെ കണ്ടപാടേ വിസ്മയത്തോടെ കട്ടിലിൽ എണീറ്റിരുന്നു. ഒരു കസേര വലിച്ചിട്ട്, കൈ തലോടിക്കൊണ്ട് അടുത്തിരുന്നു. അവരങ്ങനെ പഴയ കാല കഥകളൊക്കെ ഓർത്തെടുത്ത് പറഞ്ഞു. അമ്മ ചിരിക്കുന്നു, കണ്ണ് നിറയുന്നു. ഒടുവിൽ അമ്മ പറഞ്ഞു: 'എത്ര നാളുകൾക്കു ശേഷമാണ് ഒരാളോട് ഇത്രയും സംസാരിക്കുന്നത്, ആർക്കും എനിക്കൊപ്പമിരുന്നു സംസാരിക്കാൻ സമയമില്ല'. കുറേ നേരം കൂടി അമ്മയുടെ കൂടെ ചെലവഴിച്ച് ചായയും കുടിച്ച് ഗുരു യാത്രയായ നേരം കുടുംബനാഥനോട് പറഞ്ഞു; 'എത്ര തിരക്കുണ്ടെങ്കിലും കുറച്ചുനേരം അമ്മയ്ക്കൊപ്പം ഇരുന്നു കൊടുക്കണം, അത് നൽകുന്ന പുണ്യം മറ്റൊന്നിനും നൽകാനാവില്ല.'

ഇന്നത്തെ സുവിശേഷ ഭാഗത്ത് ഉയിർത്തെഴുന്നേറ്റ യേശു തന്റെ അരുമശിഷ്യരെ വിളിച്ചുകൂട്ടി, സ്വർഗ്ഗത്തിലും ഭൂമിയിലും തനിക്കുള്ള സകല അധികാരത്തോടും കൂടെ, നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്താൻ ആഹ്വാനം ചെയ്യുന്നു. പരിശുദ്ധ ത്രീത്വനാമത്തിൽ സ്നാനം നൽകുവാനും, താൻ കല്പിച്ചവ അവരെ പഠിപ്പിക്കാനും നിർദ്ദേശിക്കുന്നു. അവൻ നൽകുന്ന ഒരു വലിയ ഉറപ്പാണ് യുഗാന്തം വരെ താൻ എന്നും എപ്പോഴും അവരുടെ കൂടെയുണ്ടാ കുമെന്നത്! ഗുരുവിയോഗത്തോടെ തങ്ങളുടെ ശ്രമങ്ങൾ മുഴുവൻ വിഫലമായി, ജീവിതത്തിന് അർത്ഥമില്ലാതായി, ഇനിയെന്ത് ചെയ്യുമെന്നായി! നയിക്കാനും തെളിക്കാനും ആരുമില്ലാത്ത ദുരവസ്ഥ... അനാഥത്വനിമിഷങ്ങളിൽയേശു സൗമ്യതയുടെയും, ചേർത്തുപിടിക്കലിന്റെയും സ്നേഹഭാഷ ഉപയോഗിക്കുന്നു! അവഗണിച്ചവരെപ്പോലും പരിഗണിക്കുന്ന ഹൃദയോദാരത! ശിഷ്യർ പിന്നീട് സഭയുടെ രൂപീകരണത്തിനും വളർച്ചയ്ക്കും ആണിക്കല്ലായത് അവൻ വാഗ്ദാനം ചെയ്ത യുഗാന്തം വരെയുള്ള തിരുസാന്നിധ്യം വഴി തന്നെയാണ്. ലക്ഷ്യപൂർത്തീകരണത്തിന് വേണ്ട ഉത്സാഹവും ഉന്മേഷവും ഊർജ്ജവും ആവേശവും ആർദ്രതയും പകരുന്ന 'സ്പ്രിംഗ് ബോർഡ്' ആണ് ദൈവം കൂടെയുണ്ടെന്ന മനുഷ്യരുടെ ബോധ്യം.

തുടർച്ചയെന്ന സത്യം

ഉയിർപ്പുകാലം നാലാം ഞായർ, ലോക ദൈവവിളി പ്രാർത്ഥനാദിനം എല്ലാ വർഷവും ധ്യാനിക്കുന്ന വചനഭാഗം. കർത്താവ് മോശയ്ക്കുശേഷം ജോഷ്വായെ ദൗത്യം ഏല്പിച്ചു, മോശയെപ്പോലെ വിശ്വസ്തനായിരിക്കാൻ ആവശ്യപ്പെട്ടു, തന്റെ സാന്നിധ്യം വാഗ്ദാനം ചെയ്തു. ഉത്ഥിതനായ ക്രിസ്തു തന്റെ ശിഷ്യരെ സന്ദർശിക്കുന്നു, തന്റെ സഹായവും ശക്തിയും ഉറപ്പ് നൽകുന്നു, പ്രേഷിത ദൗത്യം ഭരമേല്പിക്കുന്നു. ജോഷ്വായിലൂടെ, ആസാ രാജാവിലൂടെ ദൈവം സംസാരിച്ചത് പോലെ തന്റെ ശിഷ്യരിലൂടെ, പുരോഹിതരിലൂടെ, സന്യസ്തരിലൂടെ, അൽമായരിലൂടെ ദൈവം സുവിശേഷ ദൗത്യം തുടരുന്നു. തുടർച്ച എന്ന താത്പര്യമോ ആവശ്യമോ സൗകര്യമോ ആണ് മനുഷ്യരെക്കൊണ്ട് പലതും ചെയ്യിക്കുന്നത്. (ഒരു മലയാളി ഭ്രാന്തന്റെ ഡയറി - എൻ പ്രഭാകരൻ) കുടുംബം തുടരണം, തല്സ്ഥിതി തുടരണം, സ്വസ്ഥത തുടരണം, താളം തുടരണം.... തുടർച്ചയ്ക്ക് ഗുണപരമായ ഒരു മൂല്യമുണ്ട്. ചെടിയും, മൃഗവും, കടലുമൊക്കെ ജീവിക്കുന്നത് തുടർച്ചയുടെ ആനുകൂല്യത്തിലും പ്രതീക്ഷയിലുമാണ്. വ്യക്തിപരമായ ആർത്തിയുടെ പ്രേരണയാലാകുമ്പോൾ അത് പരിഹാസ്യമാകും. എന്നാൽ തുടർച്ചയോടൊപ്പം അനിവാര്യമായ മാറ്റം ഉൾക്കൊണ്ടാൽ മറ്റേതും പോലെ പ്രേഷിതദൗത്യവും ആകർഷകവും ഫലദായകവുമാകും. ബേബി ബൂമർ മുതൽ ആൽഫ... ബീറ്റ ജനറേഷൻ വരെ ഒരേ രീതിയും രീതിശാസ്ത്രവും അറുബോറായിരിക്കും എന്ന തിരിച്ചറിവ് നമ്മുടെ പ്രേഷിത ഭൂമികയെ നവീകരിച്ചിട്ടുണ്ട്. വിശ്വാസപരിശീലന വിഭാഗവും അതിനൂതന സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തുന്നത് ആശാവഹമാണ്.

ഗൂഢതന്ത്രങ്ങൾ ഫലിക്കുന്നില്ല:

ഞങ്ങൾ ഉറങ്ങിയപ്പോൾ രാത്രിയിൽ അവനെ ശിഷ്യന്മാർ വന്ന് മോഷ്ടിച്ചുകൊണ്ട് പോയി എന്ന് പറയാനും (28:13) പ്രചരിപ്പിക്കാനും കൈമടക്ക് കൊടുത്ത അധികാരികൾ ജനങ്ങളെ തങ്ങളുടെ ഉപകരണങ്ങളാക്കി. പൊതുജനത്തിന് മസ്തിഷ്കമില്ലെന്നത് സ്ഥാപിക്കപ്പെടുന്നത് അധികാരമുള്ളവർ അണികളെ സ്വാധീനിച്ച് തങ്ങൾ ഉദ്ദേശിക്കുന്ന കാര്യങ്ങൾ നടത്തിയെടുക്കുമ്പോഴാണ്. എന്നാൽ ദൈവം തന്നിൽ വിശ്വാസമർപ്പിച്ചവരെ നിരന്തരം നവീകരിക്കുന്നുണ്ട്. 'അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും, അവർ ഓടിയാലും ക്ഷീണിക്കുകയില്ല, നടന്നാൽ തളരുകയുമില്ല'. (ഏശ. 40: 31). സകല ജനതകളോടും സുവിശേഷം പ്രസംഗിക്കാൻ ദൈവമാണ് ഓരോരുത്തരെയും തെരഞ്ഞെടുത്ത് അയക്കുന്നത്. നമുക്ക് തുണയായ അവിടുന്ന് ഇന്നലെയും ഇന്നും എന്നും ഒരാൾ തന്നെയാണ് (ഹെബ്രാ. 13: 8). യേശു മാർഗ്ഗത്തിലേക്ക് മറ്റുള്ളവരെ ഉൾച്ചേർക്കുക, സ്നാനപ്പെടുത്തുക, അവിടുന്ന് പഠിപ്പിച്ചത് മറ്റുള്ളവരെ പഠിപ്പിക്കുക. ക്രിസ്തുശൈലിയിലേക്ക് മറ്റുള്ളവരെ ആകർഷിക്കുക- തിന്മയുടെ ഗൂഢതന്ത്രങ്ങൾ മറികടന്ന് ദൈവരാജ്യ ദൗത്യം തുടരുകതന്നെ ചെയ്യും.

വെല്ലുവിളികൾ:

ആരെയും ഒഴിവാക്കാതെ സുവിശേഷം പ്രഘോഷിക്കാൻ ക്രൈ സ്തവർക്ക് കടമയുണ്ട്, മതപരിവർത്തനത്തി ലൂടെയല്ല ദൈവീക സ്നേഹത്താൽ മറ്റുള്ളവരെ ആകർഷിക്കുന്ന തിലൂടെയാണ് സഭ വളരുക. വെല്ലുവിളികൾ നിറഞ്ഞതെങ്കിലും പ്രേഷിതദൗത്യം - അത് പരമപ്രധാനം തന്നെ! നമുക്ക് ചുറ്റിലും സഹോദരങ്ങൾ ദുഃഖ ദുരിതങ്ങൾ നേരിടുമ്പോൾ ശാന്തരായി സ്വന്തം സഭാമന്ദിരങ്ങളിൽ കഴിയാൻ യഥാർത്ഥ ക്രൈസ്തവർക്ക് കഴിയില്ല.

പുറമേനിന്നുള്ള ആക്രമണത്തേക്കാൾ ഭീകരമാണ് അകമേയുള്ള ജീർണ്ണത. അധികാരത്തിനും പ്രശസ്തിയ്ക്കും സുഖത്തിനും സാമ്പത്തിക സുരക്ഷിത ത്വത്തിനും വേണ്ടിയുള്ള ഓട്ടപ്പാച്ചിലിൽ തടസ്സമായി കാണപ്പെടുന്ന സഹോദരങ്ങളെയൊക്കെ മറുപക്ഷത്തോ ശത്രുപക്ഷത്തോ പ്രതിഷ്ഠിച്ച് അവരോട് തുറന്ന യുദ്ധം ചെയ്യുന്ന വിശ്വാസികൾ! വൈവിധ്യങ്ങൾ ഏറെയുള്ള ആഗോള സഭയിൽ അംഗമായി നിന്ന് അഭിമാന ത്തോടെ മുന്നേറുന്നതിന് പകരം തങ്ങൾ ഒരു സവിശേഷ ഗണമാണെന്ന് സ്വയം ഊറ്റം കൊള്ളുന്നവരിൽ നിന്ന് വിഭാഗീയ തയുടെ വിഷം മാത്രമാണ് വമിക്കുക! സഹോദര്യത്തിന്റെ സാക്ഷികളായി സഹജരെ ദൈവരാജ്യത്തിലേക്ക് ആകർഷിക്കേണ്ടവരാണ് ക്രൈസ്തവർ. 'നിങ്ങൾക്ക് പരസ്പരം സ്നേഹമു ണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യരാ ണെന്ന് അത് മൂലം എല്ലാവരും അറിയും' എന്ന ഗുരുവാക്യം ഭൂമിയിൽ ജീവിക്കുകയാണ്, സ്വഭാവേന പ്രേഷിത രായ നാം ഓരോരുത്തരും ചെയ്യേണ്ടത്. അവരെല്ലാവരും ഒന്നായിരിക്കുവാൻ, അവരും നമ്മിലായിരിക്കാൻ എന്നതായിരുന്നു യേശുവിന്റെ ഐക്യസങ്കൽപം!

മരണം അവസാനമല്ല

സഹനങ്ങളും വേദനകളും ഉണ്ടാകുമ്പോൾ എല്ലാം അവസാനിച്ചു



എന്ന മട്ടിൽ നിരാശയിൽ നിപതിക്കാ നുള്ളതല്ല മനുഷ്യജീവിതം. പുലരിക്ക് മുമ്പ് അന്ധകാരം നിറഞ്ഞ രാത്രിയുണ്ട്.

നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും, എന്നാൽ ലോകം സന്തോഷി ക്കും. നിങ്ങൾ ദുഃഖിതരാകും, എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും. പ്രസവവേദന ദുഃഖമെങ്കിലും പിന്നെ സന്തോഷം! ഞാൻ വീണ്ടും നിങ്ങളെ കാണും, അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും. നിങ്ങളുടെ ആ സന്തോഷം ആരും നിങ്ങളിൽനിന്ന് എടുത്തുകളയുകയില്ല. അന്ന് നിങ്ങൾ എന്നോട് ഒന്നും ചോദിക്കുകയില്ല.

ഈ ലോകത്തിലെ സന്തോഷങ്ങൾക്കും നേട്ടങ്ങൾക്കും വേണ്ടി മാത്രം മിശിഹാ യിൽ പ്രത്യാശയർപ്പിക്കുന്നത് തെരഞ്ഞെടുപ്പിൽ കെട്ടിവച്ച കാശ് നഷ്ടപ്പെടുന്നത് പോലെയാണ്. ഭോഷരാകണോ അനശ്വരതയെ പുൽകുന്ന വിവേകമതികളാകണോ- സ്വയം തെരഞ്ഞെടുപ്പ് നടത്താം!

പ്രേഷിതദൗത്യം. സകലർക്കുമുള്ള ആഹ്വാനം

ഉയിർത്തെഴുന്നേറ്റ യേശു ഏറ്റവും അവസാനമായി ശിഷ്യർക്ക് നൽകിയ വാഗ്ദാനം അനുസ്മരിച്ച്, അവിടുന്ന് നമ്മിലും നമ്മുടെ കൂടെയുമുള്ള യാഥാർഥ്യമാണെന്നും മനസ്സിലുറ പ്പിക്കാം. വേലക്കാർ വർധിക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കാം. ജ്ഞാനവായന ഹൃദയങ്ങളെ ജ്വലിപ്പിക്കട്ടെ! കടമകളെക്കുറിച്ചുള്ള അവബോധം നൂറുമടങ്ങ് വളരട്ടെ, അവ നിർവ്വഹിക്കാൻ മികവുറ്റ പരിശീലനം ലഭ്യമാകട്ടെ, സഭയുടെ സഹിതഭാവം ദുർബലമാകാതിരിക്കട്ടെ, സാമൂഹ്യ രാഷ്ട്രീയ മേഖലകളിൽ ക്രൈസ്തവ മൂല്യങ്ങൾ പ്രകടമാകട്ടെ, സഭയ്ക്കകത്ത് മാത്രം പരിമിതപ്പെടാതെ മികച്ച സഭാമൂല്യങ്ങൾ ഒരു സാമൂഹ്യമാനം കൈവരിക്കട്ടെ, സ്ത്രീ പ്രതിഭകൾക്ക് അർഹമായ പ്രോത്സാഹനം ലഭിക്കട്ടെ, പൗരോഹിത്യ സമർപ്പിത മേഖലകളി ലേക്കുള്ള വിളികൾ സുലഭമാകാൻ പ്രാർത്ഥനകൾ ഉയരട്ടെ! ദൈവതിരു മുമ്പിൽ ഭോഷരാകാതെ നിത്യതയെ പാർത്തിരിക്കുന്ന വിവേകമതികളാകാം! നമ്മുടെ കർത്താവ് ഒപ്പമുണ്ട്, എപ്പോഴും!

(സാംസ്കാരിക പ്രവർത്തകനും എഴുത്തുകാരനുമാണു ലേഖകൻ)

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com